(ബി) ജി.ഒ.(എംഎസ്.) നമ്പർ 80/83/പൊ.മ.വ, തീയതി 25-7-1983 ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ സബ് ഡിവിഷൻ പത്തനംതിട്ടയിൽ ലൈൻമാൻ 2, അസിസ്റ്റന്റ് ലൈൻമാൻ 2, ഹെൽപ്പർ-4, ഇലക്ട്രിക്കൽ സെക്ഷൻ പത്തനംതിട്ടയിൽ ലൈൻമാൻ 2, അസിസ്റ്റന്റ് ലൈൻമാൻ-2, ഹെൽപ്പർ-1, തിരുവല്ല സെക്ഷനിൽ ലൈൻമാൻ -2, അസിസ്റ്റന്റ് ലൈൻമാൻ-2, ഹെൽപ്പർ-1 എന്നീ തസ്തികകൾക്ക് താൽക്കാലിക അനുമതി നൽകിയിരുന്നു. ലൈൻമാൻ, അസിസ്റ്റന്റ് ലൈൻമാൻ, ഹെൽപ്പർ എന്നീ തസ്തികകൾ 1-3-1997 മുതൽ പ്രാബല്യത്തിൽ ഏകോപിപ്പിച്ചതിനാൽ ഇപ്പോൾ ലൈൻമാൻ തസ്തികകൾ മാത്രമാണുള്ളത്. ജി.ഒ.(എംഎസ്.) 16/2010/പൊ.മ.വ. തീയതി 22-3-2010 പ്രകാരം 2010 മുതൽ തിരുവല്ല സെക്ഷനിൽ 4 ലൈൻമാൻമാരുടെയും പത്തനംതിട്ട ഇലക്ട്രിക്കൽ സെക്ഷനിൽ 4 ലൈൻമാൻമാരുടെയും വീതം തസ്തികകൾക്കാണ് സ്ഥിരാംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ തസ്തികകളിൽ 8 ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ

248 (1282) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) എയർപോർട്ട്, ഹജ്ജ് ഹൗസ് എന്നിവയ്ക്ക് സമീപമുള്ള പ്രസ്തുത റസ്റ്റ് ഹൗസിന് മുകൾ നില പണിയുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ജലലഭ്യത ഇല്ല എന്നുള്ളതാണ് കൊണ്ടോട്ടി പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിന്റെ ഏറ്റവും വലിയ പോരായ്മ. ഇത് പരിഹരിക്കുന്നതിനായി ഒരു കുഴൽക്കിണർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി ഇൻവെർട്ടർ, വി.ഐ.പി. റൂമിൽ എയർ കണ്ടീഷണർ, ടി.വി., ഫർണിച്ചർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും ഉദ്ദേശിക്കുന്നു.

(ബി) റസ്റ്റ് ഹൗസിന് മുകൾനില പണിയുന്നതിനുള്ള 65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി തയ്യാറാക്കിവരുന്നു. ഇതിൽ താഴെപ്പറയുന്നവകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ഫർണിച്ചർ വാങ്ങൽ-രണ്ടു ലക്ഷം രൂപ
2. ഇലക്ട്രിഫിക്കേഷൻ- അഞ്ചു ലക്ഷം രൂപ
3. കുഴൽക്കിണർ & പമ്പ് സെറ്റ്- ഒന്നര ലക്ഷം രൂപ
4. ഇലക്ട്രോണിക് ഐറ്റം - മൂന്നര ലക്ഷം രൂപ
5. കെട്ടിടത്തിന്റെ മുകൾ നിലയിൽ 5 റൂമുകൾ, ഒരു കോൺഫറൻസ് ഹാൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഹയർ സെക്കന്ററി സ്കൂളുകൾക്ക് കെട്ടിടം

249 (1283) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിലെ കുന്നം ഹയർ സെക്കന്ററി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നും ആവശ്യമായ തുക അനുവദിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

മാവേലിക്കര മണ്ഡലത്തിലെ കുന്നം ഹയർ സെക്കന്ററി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് ആലപ്പുഴ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ പ്രവൃത്തികൾക്കുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

അടൂർ നിയോജക മണ്ഡലത്തിലെ വിവിധങ്ങളായ പദ്ധതികൾ

250 (1284) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് അടൂർ നിയോജകമണ്ഡലത്തിൽ വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പേരുവിവരവും നിലവിലുള്ള സ്ഥിതിയും സംബന്ധിച്ച വാർഷിക ക്രമത്തിലുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly